# അഭിസാരിക

(സുധീർ പണിക്കവീട്ടിൽ)

കുളിച്ച് കുറി തൊട്ട്
മെയ്യാസകലം പൊന്നണിഞ്ഞ്
കസവുള്ള പട്ടുടുത്ത്
കാലിൽ കൊലുസ്സണിഞ്ഞ്
കാർകൂന്തൽ കെട്ടിവച്ച്
കൺകോണിൽ കവിത നിറച്ച്
മേലാകെ പുളകിതയായ്
വെമ്പലാർന്ന ചുവടുകളോടെ
മധുവിറ്റും ചുണ്ടുകളോടെ
നിറയൗവ്വന കതിർകുലയാട്ടി
ഏകയായ് നീ ഈ രാത്രി
ദ്രുതഗതിയിൽ പോകുവതെങ്ങ് ?

പനിമതിമുഖിയവളപ്പോൾ
മന്ദാക്ഷത്തോടെ ചൊല്ലി

ഏകാകിനിയല്ലല്ലോ ഞാൻ
ധനുസ്സേന്തി ഒപ്പമൊരാളെൻ
രക്ഷക്കായി അരികെയുണ്ട്
പഞ്ചശരൻ അനംഗനെന്ന്
അറിയാത്തവരാരുണ്ടിവിടെ ?

(ഭരതമുനിയുടെ അഷ്ടനായികമാരിൽ ഒരാൾ, അഭിസാരിക)